(ബി) കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലാന്റിംഗ് ജോലികളിലെ അഴിമതി കാരണം നട്ട തേക്കിൻതൈകളിൽ ഭൂരിപക്ഷവും നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പരാതിയിൻമേൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. എന്നാൽ മേൽ റിപ്പോർട്ടിൽ കാര്യങ്ങൾ വ്യക്തമല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ 14-9-2015-ലെ 7480/ബി1/15/വനം നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന് നിർദ്ദേശം നൽകുകയുണ്ടായി. ഫോറസ്റ്റ്സ് വിജിലൻസിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ശ്രീ. ജോസഫ് മാത്യു പെരുമ്പായിലിന്റെ പരാതിയിൽ കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നു എന്ന് ആരോപിച്ചിട്ടുണ്ടെങ്കിലും ഇതൊക്കെയും വാസ്തവ വിരുദ്ധമാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)-ന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന്റെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആസ്തി വികസന ഫണ്ട്-റാന്നി നിയോജകമണ്ഡലം

214 (3321) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾക്ക് റാന്നി-ഡി.എഫ്.ഒ., പെരിയാർ ടൈഗർ റിസർവ് മുഖേന തയ്യാറാക്കുന്നതിനായി എം.എൽ.എ. നിർദ്ദേശം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ട തുകയും എത്ര വീതമാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണവകുപ്പിൽ നിന്നും അനുമതിയായിട്ടുള്ളത്;

(സി) ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുംവിധം നീലിമലയിൽ എ.ഡി.എഫ്. പദ്ധതിയിൽനിന്നും നിർമ്മിക്കാൻ ഉദ്ദേശിച്ച ഹെൽപ്പ് ഡെസ്കിന്റെ നിർമ്മാണത്തിൽ ഭരണാനുമതി എന്നാണ് ലഭിച്ചത്; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റേതെങ്കിലും എം.എൽ.എ.-മാർക്ക് വനംവകുപ്പ് മുഖേന ഇത്തരം ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികളുടെ തുക മുൻകൂറായി വനം വകുപ്പിന് നൽകിയിട്ടാണോ ടെണ്ടർ ചെയ്തത്; വിശദാംശം നൽകുമോ;

(ഡി) അടുത്ത ശബരിമല സീസണ് മുമ്പായി നീലിമലയിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത നിയോജകമണ്ഡലത്തിൽ പദ്ധതി തയ്യാറാക്കുന്നതിനായി ബഹു. റാന്നി എം.എൽ.എ. നിർദ്ദേശം നല്കിയിട്ടുള്ള പദ്ധതികൾ:

(i) റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന

1. ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
2. വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
3. ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം.
4. വലിയകാവ് പ്രൊപ്പോസ്ഡ് റിസർവിൽപ്പെട്ട മാരംകളം-നിർമ്മലപുരം-മണ്ണാറത്തല കരിശ്ശുകവല റോഡിന്റെ പുനരുദ്ധാരണം.
5. ളാഹ സത്രം പുനരുദ്ധാരണം.
6. പമ്പയിൽ ഡോർമിറ്ററി നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

(ii) **പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ മുഖേന**

നീലിമലയിൽ ഒരു ഹെൽപ് ഡെസ്കിന്റെ നിർമ്മാണം

(ബി)

പദ്ധതി	*നിർദ്ദേശിക്കപ്പെട്ട തുക (രൂപ)*	*ഭരണവകുപ്പിൽ നിന്നും അനുമതി ആയിട്ടുണ്ടോ*
1. തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം	1,92,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
2. മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം	1,92,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
3. കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം	97,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
4. മാരംകളം-നിർമ്മലപുരം-മണ്ണാറത്തറ കുരിശുകവല റോഡിന്റെ പുനരുദ്ധാരണം.	26,20,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
5. ളാഹ സത്രം പുനരുദ്ധാരണം	30,00,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
6. പമ്പയിൽ ഡോർമിറ്ററി നിർമ്മാണം	56,40,000	പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല
7. നീലിമലയിൽ ഒരു ഹെൽപ് ഡെസ്കിന്റെ നിർമ്മാണം.	1,30,00,000	ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് 3-8-2015-ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി ജോലിക്ക് മൺസൂർ ഫണ്ട് ലഭിക്കുമെന്ന വിശ്വാസത്തിൽ ടെണ്ടർ ചെയ്യുകയും 1-10-2015 തീയതിയിൽ ടെണ്ടർ നടത്തുന്നതിന് ഗസറ്റ് നമ്പർ 36-ൽ ടെണ്ടർ പരസ്യം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഫണ്ട് യഥാസമയം ലഭ്യമല്ലാതിരുന്നതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. 23-1-2016-ൽ ആണ് പെരിയാർ വെസ്റ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിലേക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നല്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് എം.എൽ.എ.മാർക്ക് (2015-16-ൽ) ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ.

എം.എൽ.എ.യുടെ പേര്	ഭരണാനുമതി ലഭിച്ച തീയതി	ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേര്	പ്രവൃത്തിയുടെ തുക മുൻകൂറായി വനം വകുപ്പിന് നല്കിയിട്ടാണോ ടെണ്ടർ ചെയ്തത്
ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു	4-6-2015	തൊടിയിൽകണ്ടം-ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം	അല്ല. പ്രവൃത്തി ടെണ്ടർ നടത്തിയിട്ടില്ല
ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു	6-7-2015	അച്ചൻകോവിൽ-കുഴുതുരുട്ടി റോഡിൽ ഫോറസ്റ്റ് ഭാഗം റോഡ് കോൺക്രീറ്റ് ചെയ്യൽ	അല്ല. ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ ടെണ്ടർ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്തു

(ഡി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇപ്പോഴത്തെ നിരക്കിൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയാവാതെ വരുന്ന തുകയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത സീസണ മുമ്പ് ടി പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ പദ്ധതികൾ

215 (3322) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനംവകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് വകുപ്പുവഴി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിലൂടെ വൈക്കം നിയോജക മണ്ഡലത്തിൽ വൃക്ഷവത്കരണ പരിപാടിയിലൂടെ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തെന്നും കാവ് സംരക്ഷണ പദ്ധതിയിലൂടെ എത്ര കാവുകൾക്ക് എത്ര തുക വീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly